**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കാസറഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമ പഞ്ചായത്തിലെ മുൻക്ലാർക്കും നിലവിൽ ബേലൂർ ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീമതി. ജഗദീശ എം. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 1509/2018 നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 31.07.2018 ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ) നം.337/2019/തസ്വഭവ തീയതി, തിരുവനന്തപുരം,16/02/2019**

---

പരാമർശം:- 1. ശ്രീമതി. ജഗദീശ എം. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 1509/2018 നമ്പർ കേസ്സിന്മേലുള്ള 31.07.2018 -ലെ ഉത്തരവ്.

2. പഞ്ചായത്ത് ഡയറക്ടറുടെ16.10.2009 ലെ ഇ 4-100/2009 (1) നമ്പർ നടപടിക്രമം.

3. പഞ്ചായത്ത് ഡയറക്ടറുടെ 13.03.2017 ലെ ഇ 4-39707/14 നമ്പർ നടപടിക്രമം.

4. പഞ്ചായത്ത് ഡയറക്ടറുടെ 15.12.2018 ലെ ഇ 4-22574/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസറഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമ പഞ്ചായത്തിലെ മുൻക്ലാർക്കും നിലവിൽ ബേലൂർ ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീമതി. ജഗദീശ എം. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 1509/2018 നമ്പർ കേസ്സിന്മേൽ ബഹു ട്രിബ്യൂണൽ 31.07.2018 ൽ പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷ തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മുൻപാകെ സമർപ്പിച്ച അനക്ഷർ A9 നിവേദനം പരിശോധിച്ച് ഉത്തരവ് ലഭിക്കുന്ന തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ തീരമാനമെടുക്കണമെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.. സ്ഥാനക്കയറ്റത്തിനാവശ്യമായ വകുപ്പ്തല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും 3 വർഷത്തെ താൽക്കാലിക ഇളവ് 3 വർഷവും 3 മാസവും വരെ നീട്ടി നൽകണമെന്നും ടിയാളുടെ താൽക്കാലിക പ്രൊമോഷനിലെ സീനിയോറിറ്റി പുനഃസ്ഥാപിക്കണമെന്നുമാണ് അനക്ഷർ A9 മുഖാന്തിരം അപേക്ഷക ആവശ്യപ്പെട്ടിരിക്കുന്നത്.

2. ചെങ്കള ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ജഗദീശ.എം. നെ കെ.എസ് & എസ്.എസ്.ആർ. ഭാഗം 2 ചട്ടം 13 എ(1) (എ) പ്രകാരം വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും 3 വർഷത്തെ താൽക്കാലിക ഇളവ് നൽകി പരാമർശം(2) നടപടിക്രമം പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നു. ഇപ്രകാരം സ്ഥാനക്കയറ്റം ലഭിക്കുന്ന ഉദ്യോഗസ്ഥൻ അങ്ങനെയുള്ള നിയമന തീയതിമുതൽ 3 വർഷത്തിനുള്ളിൽ വകുപ്പുതല പരീക്ഷകൾ വിജയിക്കാത്തപക്ഷം ഏത് തസ്തികയിൽ നിന്നാണോ സ്ഥാനക്കയറ്റം നൽകി നിയമിച്ചത് അതേ തസ്തികയിലേയ്ക്ക് തരംതാഴ്ത്തേണ്ടതാണെന്ന് കെ.എസ് & എസ്.എസ്.ആർ ചട്ടം 13 എ(2) ൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ശ്രീമതി. ജഗദീശ എം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ വകുപ്പുതല പരീക്ഷകൾ വിജയിച്ചിരുന്നില്ല പ്രസ്തുത വിവരം യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാത്തതിനാൽ സീനിയർ ക്ലാർക്ക് തസ്തികയിൽ 3 വർഷം പൂർത്തീകരിച്ച തീയതി പ്രാബല്യത്തിൽ ടിയാളെ ക്ലാർക്ക് തസ്തികയിലേയ്ക്ക് തരംതാഴ്ത്താൻ സാധിച്ചിരുന്നില്ല എന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. പഞ്ചായത്ത് വകുപ്പിൽ ക്രമവിരുദ്ധമായി സ്ഥാനക്കയറ്റം നൽകിയിട്ടുള്ള എല്ലാ തസ്തികകളിലെയും വിശദവിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറേറ്റിലെ O & M പരിശോധനാവിഭാഗം പിരശോധന നടത്തുകയും ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും താൽക്കാലിക ഇളവ് നേടി സ്ഥാനക്കയറ്റം ലഭിച്ചതും 3 വർഷത്തിനകം നിശ്ചിത ടെസ്റ്റ് യോഗ്യത നേടാതെ സീനിയർ ക്ലാർക്ക് തസ്തികയിൽ തുടരുന്ന അപേക്ഷകയുൾപ്പെടെ നിരവധി സീനിയർക്ലാർക്കുമാരെ കണ്ടെത്തി ടിയാളുകളെ നേരിൽകേൾക്കുകയും മുഴുവൻ പേരേയും ക്ലാർക്ക് തസ്തികയിലേക്ക് തരംതാഴ്ത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഹിയറിംഗ് വേളയിൽ ശ്രീ ജഗദീശ.എം 27.02.2013 ൽ വകുപ്പുതല പരീക്ഷകൾ വിജയിച്ചിട്ടുള്ളതായും ആയതിനാൽ സീനിയർ ക്ലാർക്ക് തസ്തികയിൽ തുടരാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

4.. കെ.എസ്. & എസ്.എസ്.ആർ ഭാഗം 2 റൂൾ 13 എ(1)(എ) പ്രകാരം സ്ഥാനക്കയറ്റം ലഭിക്കുന്നവർ 3 വർഷത്തിനുള്ളിൽ ആവശ്യമായ വകുപ്പുതല പരീക്ഷകൾ നിർബന്ധമായും വിജയിക്കേണ്ടതാണ്. ഇപ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നവർക്ക് മാത്രമേ പ്രൊമോഷൻ തസ്തികയിൽ തുടരുന്നതിനും പ്രൊമോഷൻ തീയതി പ്രാബല്യത്തിൽ സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ സീനിയോറിറ്റി ലഭിക്കുന്നതിനും അർഹതയുള്ളൂ. 16.10.2009 തീയതിയിൽ സ്ഥാനക്കയറ്റം ലഭിച്ച ശ്രീ ജഗദീശ.എം 15.10.2012 തീയതിക്ക് മുമ്പായി വകുപ്പുതല പരീക്ഷയോഗ്യത നേടണമായിരുന്നു. എന്നാൽ ടിയാൻ 27.02.2013 ന് നടന്ന വകുപ്പുകല പരീക്ഷയിലാണ് ഒടുവിലത്തെ പരീക്ഷ വിജയിച്ചിട്ടുള്ള സാഹചര്യത്തിലാണ് ടിയാളെ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് തരംതാഴ്ത്തിയും, വകുപ്പുതല പരീക്ഷകൾ വിജയിച്ച തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചും സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി പുനഃനിർണ്ണയിച്ചും പരാമർശം(3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചത്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച വകുപ്പുതല പരീക്ഷകൾ പാസ്സാകുന്നതിൽ നിന്നും ഇളവ് ലഭിച്ച് താൽക്കാലിക പ്രൊമോഷൻ ഹർജിക്കാരിക്ക് ലഭിച്ച ശേഷം നിശ്ചിതകാലയളവായ 3 വർഷത്തിനുള്ളിൽ പരീക്ഷ യോഗ്യത നേടിയിട്ടില്ല എന്നതിനാൽ 27.02.2013 ന് പരീക്ഷായോഗ്യത നേടിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അവസരത്തിൽ അർഹമായ സ്ഥാനക്കയറ്റവും സീനിയോറിറ്റിയും അനുവദിച്ചിട്ടുള്ളതുമാണ്. KS & KSSR ഭാഗം 2. ചട്ടം 13(A)പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ചതിനു ശേഷം 3 വർഷത്തിനുള്ളിൽ വകുപ്പ് തല പരീക്ഷകൾ പാസ്സാകണമെന്നിരിക്കെ നിർബന്ധിത വകുപ്പ്തല പരീക്ഷകൾ പാസ്സാകുന്നതിന് ഒരു വർഷം കൂടി അനുവദിക്കണമെന്ന ശ്രീമതി. ജഗദീശ എം ന്റെ ആവശ്യം പരിഗണിക്കാനാവില്ല. അത് തെറ്റായ കീഴ് വഴക്കങ്ങൾക്ക് വഴി തെളിക്കുമെന്നതിനാൽ അപേക്ഷക OA(EKM) 1509/2018 നമ്പർ അന്യായം പ്രകാരം ഉന്നയിച്ച ആവശ്യം നിരസിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6 ഇപ്രകാരം പരാമർശം (1) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 31.07.2018 ലെ OA(EKM) 1509/2018 നമ്പർ കേസ്സിന്മേലുള്ള ഉത്തരവ് പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ.ബി**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ. കേരള. തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി. ജഗദീശ.എം, സീനിയർ ക്ലാർക്ക്, ബേലൂർ ഗ്രാമ പഞ്ചായത്ത്, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി. ബേലൂർ ഗ്രാമപഞ്ചായത്ത്. കാസറഗോഡ്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി. ചെങ്കള ഗ്രാമപഞ്ചായത്ത്, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ.കെ.എം , തിരുവനന്തപുരം.
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.(ഫയൽ നം.ഇ-240/ഇപിഎ 1/2018/തസ്വഭവ)

ഉത്തരവിൻപ്രകാരം
Dhanya M
സെക്ഷൻ ഓഫീസർ